**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5376** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണ പ്രവൃത്തിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും 24.02.2024 ലെ നം. LSGD/JD/MPM/3699/2023-F1 നമ്പർ പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതിനെ തുടർന്ന് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും 16.03.2024-ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയത് പ്രകാരം 24.06.2024-ൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഇ-ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പി. പി. സിറാജുദ്ദീൻ, മലപ്പുറം എന്ന കരാറുകാരനുമായി 74,98,615/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 26/09/2024-ൽ സൈറ്റ് കൈമാറി നൽകി. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട സ്റ്റെപ്പ് ഗ്യാലറിയുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. നിലവിൽ 20% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>ഗ്രൗണ്ട് ഡെവലപ്പ്മെന്റ് പ്രവൃത്തികൾ, മഡ് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഗേറ്റ് എന്നീ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി 2026 ജനുവരിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നവീകരണ പ്രവൃത്തിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും 24.02.2024 ലെ നം. LSGD/JD/MPM/3699/2023-F1 നമ്പർ പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയതിനെ തുടർന്ന് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും 16.03.2024-ന് കായിക യുവജനകാര്യ ഡയറക്ടർ നൽകിയിരുന്നു. ആയത് പ്രകാരം 24.06.2024-ൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഇ-ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പി. പി. സിറാജുദ്ദീൻ, മലപ്പുറം എന്ന കരാറുകാരനുമായി 74,98,615/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) കരാറിൽ ഏർപ്പെടുകയും ചെയ്തു. കരാറുകാരന് 26/09/2024-ൽ സൈറ്റ് കൈമാറി നൽകി. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട സ്റ്റെപ്പ് ഗ്യാലറിയുടെ പ്രവൃത്തി പുരോഗമിക്കുകയാണ്. നിലവിൽ 20% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.<br><br>ഗ്രൗണ്ട് ഡെവലപ്പ്മെന്റ് പ്രവൃത്തികൾ, മഡ് ഫുട്ബോൾ കോർട്ട്, വോളീബോൾ കോർട്ട്, കബഡി കോർട്ട്, ഫെൻസിംഗ്, സ്റ്റെപ്പ് ഗ്യാലറി, ഗേറ്റ് എന്നീ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതി 2026 ജനുവരിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ